# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഏപ്രിൽ 23<br>April 23 | 2019 |
| --- | --- |

*1193 മേടം 9 ചൊവ്വ*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ലോക്സഭാ തെരഞ്ഞെടുപ്പ് 2019**

**പരാതികൾ കൃത്യസമയത്ത് പരിഹരിച്ചു- ജില്ലാ കളക്ടർ**

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചില ബൂത്തുകളിൽ പരാതികൾ ഉയർന്നുവെങ്കിലും അവ കൃത്യസമയത്ത് പരിഹരിക്കാൻ കഴിഞ്ഞതായി ജില്ലാ കളക്ടർ പി.ബി.നൂഹ് പറഞ്ഞു. തെരഞ്ഞെടുപ്പ് വിവരങ്ങൾ തത്സമയം അറിയിക്കുവാനും നിരീക്ഷിക്കുവാനും കളക്ടറേറ്റിൽ സജ്ജീകരിച്ച ഇലക്ഷൻ വാർറൂം പ്രവർത്തനങ്ങളിൽ പൂർണതൃപ്തനെന്നും കളക്ടർ പറഞ്ഞു. ഇരുപത്തിനാല് മണിക്കൂറും പൂർണമായും പ്രവർത്തിച്ച കൺട്രോൾ റൂമിൽ പത്തു കൗണ്ടറുകളിലായി അൻപതിൽപരം ഉദ്യോഗസ്ഥർ ഒന്നടങ്കമാണ് വോട്ടെടുപ്പ് നടപടികൾ തൽസയം ഏകോപിപ്പിക്കുകയും വിവരശേഖരവും പ്രശ്നപരിഹാരവും നടത്തുകയും ചെയ്തത്. വോട്ടിംഗ് ശതമാനം, വോട്ട് ചെയ്ത പുരുഷൻമാരുടെ എണ്ണം, സ്ത്രീകളുടെ എണ്ണം എന്നിവ ഉൾപ്പെടെ വോട്ടെടുപ്പുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും വാർ റൂം മുഖേന അതിവേഗം എത്തിക്കാൻ കഴിഞ്ഞു. ജില്ലയിലെ 71 പ്രശ്നബാധിത ബൂത്തുകളിൽ വെബ് കാസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്തിയിരുന്നു.

കൗണ്ടർ നമ്പർ ഒന്ന് പോൾ മാനേജർ, രണ്ട് ഇ- സുവിധ, മൂന്ന് വോട്ട് സ്മാർട്ട് നാല് വൾനറബിൾ- സെൻസിറ്റീവ് ബൂത്ത് ട്രാക്കിംഗ്, അഞ്ച് സെക്ടർ ഓഫീസർമാരുടെ വാട്ട്സ്ആപ്പ് മോണിട്ടറിംഗ്, ആറ് വിവിധ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ, ഏഴ് ക്രമസമാധാനം, എട്ടിൽ ഇലക്ഷൻ ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി നിയോഗിച്ചവർ, ഒൻപത് ഇ വി എം ട്രാക്കിംഗ്, പത്ത് സ്ട്രോംഗ് റൂം, സിസിടിവി എന്നിവ ഉൾപ്പടെ മികച്ച

സംവിധാനങ്ങളാണ് ഇലക്ഷൻ വാർ റൂമിന്റെ ഭാഗമായി കളക്ടറേറ്റിൽ സജ്ജീകരിച്ചിരുന്നത്. കൂടാതെ മൊബൈൽ ആപ്ലിക്കേഷനുകൾ വഴി ലഭ്യമാകാത്ത വിവരങ്ങളും, വോട്ടിംഗ് ശതമാനവും, സെക്ടറൽ ഓഫീസർമാരെ ഫോണിൽ വിളിച്ച് തെരഞ്ഞെടുപ്പ് വിവരങ്ങൾ എടുക്കുന്നതിനുള്ള സംവിധാനവും കൺട്രോൾ റൂമിൽ ഒരുക്കിയിരുന്നുവെന്നും കളക്ടർ പറഞ്ഞു. (ഇലക്ഷൻ: 236/19)

## പകുതി സമയത്തിനുള്ളിൽ ചെയ്തത് അഞ്ച് ലക്ഷത്തിലധികം വോട്ടുകൾ

പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിൽ വോട്ടിംഗ് സമയത്തിന്റെ ആദ്യപകുതി പിന്നിട്ടപ്പോൾ പെട്ടിയിലായത് അഞ്ച് ലക്ഷത്തിലധികം വോട്ടുകൾ. പോളിംഗ് ബൂത്തിലെത്തി വോട്ടു ചെയ്യേണ്ട 13,78,587 വോട്ടർമാരിൽ 5,16,783 പേർ ഉച്ചയ്ക്ക് 12.30ന് മുമ്പ് തങ്ങളുടെ സമ്മതിദാന അവകാശം വിനിയോഗിച്ചു. രാവിലെ ഏഴ് മുതൽ വൈകിട്ട് ആറ് വരെയുള്ള പോളിംഗ് സമയത്തിന്റെ പകുതിയായ, അഞ്ചര മണിക്കൂർ പിന്നിടുന്ന സമയമാണ് ഉച്ചയ്ക്ക് 12.30. ഈ സമയം മണ്ഡലത്തിലെ ആകെ പോളിംഗ് 37.31 ശതമാനമായിരുന്നു. കാഞ്ഞിരപ്പള്ളിയിൽ 40.4 ശതമാനവും പൂഞ്ഞാറിൽ 38.94 ശതമാനവും തിരുവല്ലയിൽ 34.2 ശതമാനവും റാന്നിയിൽ 37.62 ശതമാനവും ആറന്മുളയിൽ 36.84 ശതമാനവും കോന്നിയിൽ 37.53 ശതമാനവും അടൂരിൽ 36.3 ശതമാനവും പോളിംഗ് ഈ സമയം കഴിഞ്ഞിരുന്നു.

(ഇലക്ഷൻ: 237/19)

## ലോക്സഭാ തെരഞ്ഞെടുപ്പിന് ഏർപ്പെടുത്തിയത്<br>മികച്ച സുരക്ഷ സംവിധാനങ്ങൾ: ജില്ലാ പോലീസ് മേധാവി

ലോക്സഭാ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് പോലീസ് ഏർപ്പെടുത്തിയത് മികച്ച സുരക്ഷ സംവിധാനങ്ങളെന്ന് ജില്ലാ പോലീസ് മേധാവി ജി ജയദേവ് പറഞ്ഞു. വോട്ടർമാർക്ക് സമാധാനപരമായ അന്തരീക്ഷത്തിൽ വോട്ട് രേഖപ്പെടുത്തുന്നതിനായി മികച്ച ക്രമസമാധാനനില ഏർപ്പെടുത്തിയിരുന്നു. തെരഞ്ഞെടുപ്പ് സുതാര്യവും സുഗമവുമായി നടന്നു. പോളിംഗ് ശതമാനം വർധിക്കുന്നതിനും പോലീസ് സുരക്ഷ സഹായകമായി. തെരഞ്ഞെടുപ്പ് നടന്ന ഏഴ് നിയോജക മണ്ഡലങ്ങളിൽ 98 പേരടങ്ങുന്ന പോലീസ് സംഘത്തെ ഗ്രൂപ്പ് പട്രോളിംഗിന് നിയോഗിച്ചിരുന്നു. കൂടാതെ എല്ലാ വോട്ടെടുപ്പ് കേന്ദ്രങ്ങളിലും പരിസരങ്ങളിലും ശക്തമായ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയിരുന്നു. ബൂത്തുകളിൽ പോലീസിന്റെ ആവശ്യമുണ്ടാകുന്ന സാഹചര്യത്തിൽ വേഗത്തിൽ എത്തിച്ചേരുന്നതിനുള്ള ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരുന്നത്. (ഇലക്ഷൻ: 238/19)

## നിയമസഭാ മണ്ഡലങ്ങളിലെ 50 ശതമാനം പേർ രണ്ടുമണിയോടെ<br>വോട്ട് ചെയ്തു

പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിൽ ഉച്ചയ്ക്ക് രണ്ടോടെ 50 ശതമാനത്തിലധികംപേർ സമ്മതിദാന അവകാശം വിനിയോഗിച്ചു. 13,78,587 പേരിൽ 6,90,912 പേരാണ് ഈ സമയം വോട്ടവകാശം വിനിയോഗിച്ചത്. ആകെ 50.11 ശതമാനം.

കാഞ്ഞിരപ്പള്ളിയിൽ 54.53 ശതമാനം പേരും പൂഞ്ഞാറിൽ 52.02 ശതമാനം പേരും റാന്നിയിൽ 50.34 ശതമാനം പേരും കോന്നിയിൽ 50.79 ശതമാനം പേരും ആറന്മുളയിൽ 49.17 ശതമാനം പേരും അടൂരിൽ 49.02 ശതമാനം പേരും തിരുവല്ലയിൽ 45.87 ശതമാനം പേരുമാണ് ഉച്ചയ്ക്ക് രണ്ടിന് മുമ്പ് വോട്ട് ചെയ്തത്.

ശതമാനക്കണക്കിൽ പിന്നിലാണെങ്കിലും ഈ സമയത്ത് ഏറ്റവും അധികം വോട്ടർമാർ വോട്ട് ചെയ്തത് ആറന്മുള മണ്ഡലത്തിലായിരുന്നു. അവിടെ 112005 പേർ വോട്ട് ചെയ്തപ്പോൾ കാഞ്ഞിരപ്പള്ളിയിൽ 97450 പേരും പൂഞ്ഞാറിൽ 92991 പേരുമാണ് വോട്ട് ചെയ്തത്. കോന്നിയിൽ 98909 പേരും റാന്നിയിൽ 95983 പേരും അടൂരിൽ 99505 പേരും

അപ്പോൾ വോട്ട് ചെയ്തുകഴിഞ്ഞിരുന്നു. ശതമാനക്കണക്കിൽ ഏറ്റവും പിന്നിലായിരുന്ന തിരുവല്ലയിലും 94069 പേർ ഉച്ചയ്ക്ക് രണ്ടിന് മുമ്പ് വോട്ട് ചെയ്തു.

(ഇലക്ഷൻ: 239/19)

## മൂന്നോടെ എല്ലാ മണ്ഡലങ്ങളിലും ഒരു ലക്ഷം വോട്ട്

പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിലെ ഏഴ് നിയമസഭാ നിയോജക മണ്ഡലങ്ങളിലും വൈകിട്ട് മൂന്നോടെ ഒരു ലക്ഷത്തിലധികം വോട്ട് വീതം രേഖപ്പെടുത്തി. എല്ലാ മണ്ഡലങ്ങളിലും 50 ശതമാനത്തിലധികം വോട്ടും ഈ സമയത്ത് രേഖപ്പെടുത്തുകയുണ്ടായി..

കാഞ്ഞിരപള്ളിയിൽ108800 പേരും പൂഞ്ഞാറിൽ 107224 പേരും തിരുവല്ലയിൽ 107421 പേരും റാന്നിയിൽ 107096 പേരും ആറന്മുളയിൽ 125895 പേരും കോന്നിയിൽ 112040 പേരും അടൂരിൽ 114709 പേരുമാണ് ഈ സമയത്തിനകം തങ്ങളുടെ സമ്മതിദാന അവകാശം വിനിയോഗിച്ചത്. കാഞ്ഞിരപള്ളിയിൽ 61.62 %, പൂഞ്ഞാറിൽ 60.27 %, തിരുവല്ലയിൽ 53.03 %, റാന്നിയിൽ 56.67 %, ആറന്മുളയിൽ 55.73%, കോന്നിയിൽ 58.21 %, അടൂരിൽ 56.84% എന്നിങ്ങനെയായിരുന്നു വൈകിട്ട് മൂന്നിനുള്ള പോളിംഗ് ശതമാനം.

(ഇലക്ഷൻ: 240/19)

## കാര്യക്ഷമമായ വെബ്കാസ്റ്റിംഗ് സംവിധാനം തെരഞ്ഞെടുപ്പ് സുതാര്യത ഉറപ്പാക്കി

ജില്ലയിലെ പ്രശ്നസാധ്യതാ ബൂത്തുകളിൽ ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറും, ജില്ലാ കളക്ടറുമായ പി ബി നൂഹിന്റെ നേതൃത്വത്തിൽ സംസ്ഥാന ഐടി മിഷൻ- അക്ഷയ മുഖേന ഏർപ്പെടുത്തിയ വെബ് കാസ്റ്റിംഗ് സംവിധാനം ഏറെ ഫലപ്രദമായി. സെൻസിറ്റീവും, വൾണറബിളുമായ 71 ബൂത്തുകളിലാണ് വെബ് കാസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്തിയത്. പ്രശ്നബാധിത ബൂത്തുകളിലെ വോട്ടെടുപ്പ് നടപടികൾ കളക്ടറേറ്റിൽ ഒരുക്കിയ കൺട്രോൾ റൂം മുഖേന ജില്ലാ കളക്ടർ നിരീക്ഷിക്കുകയും തൽസമയം ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു. പ്രശ്നബാധിത ബൂത്തുകളിലെത്തുന്ന ഓരോ വോട്ടർമാരും വോട്ട് ചെയ്യാനെത്തുന്നതും, രേഖപ്പെടുത്തിയതിന് ശേഷം പുറത്തിറങ്ങുന്നതും ഉൾപ്പടെയുള്ള എല്ലാ കാര്യങ്ങളും വെബ്കാസ്റ്റിംഗിലൂടെ തൽസമയം രേഖപ്പെടുത്തിയിരുന്നു. കള്ള വോട്ട് ഉൾപ്പടെയുള്ള പ്രശ്നങ്ങൾ ഒഴിവാക്കി വോട്ടെടുപ്പ് സുതാര്യവും, സുഗമവും ആക്കുന്നതിന് വെബ് കാസ്റ്റിംഗ് സഹായകരമായി. ജില്ല ഇ-ഗവേണൻസ് പ്രോജക്ട് മാനേജർ ഷൈൻ ജോസിന്റെ നേതൃത്വത്തിലുള്ള അക്ഷയ ജീവനക്കാരും, സംരംഭകരും, ഓപ്പറേറ്റർമാരുമടങ്ങിയ ടീമിന്റെ കർമ്മനിരതമായ പ്രവർത്തനം വെബ് കാസ്റ്റിംഗ് സംവിധാനം വിജയിപ്പിക്കുന്നതിന് സഹായകമായി.

ജില്ലാ ഭരണകൂടം, അക്ഷയ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, ജില്ലാ ഐടി സെൽ, ബി എസ് എൻ എൽ, കെ എസ് ഇ ബി, എന്നിവയുടെ മികവുറ്റ ഏകോപനത്തോടെ സജ്ജീകരിച്ച വെബ് കാസ്റ്റിംഗ് സംവിധാനത്തിലൂടെ വോട്ടെടുപ്പ് നടപടിക്രമങ്ങളുടെ തത്സമയ സംപ്രേഷണം തടസമില്ലാതെ നടത്തുന്നതിന് വഴിയൊരുക്കി.

ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ എസ് സന്തോഷ് കുമാർ, ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ ജിജി ജോർജ്, അഡീഷണൽ ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ ആലീസ് ആൻഡ്രൂസ് കോട്ടിരി, ജില്ലാ ഐ.ടി സെൽ കോ-ഓർഡിനേറ്റർ ഷിബു തോമസ്, ബി.എസ്.എൻ.എൽ പത്തനംതിട്ട ഡിവിഷണൽ എൻജിനിയർ പിങ്കി എസ് ജോൺ, കെ എസ് ഇ ബി പത്തനംതിട്ട സെക്ഷൻ അസി എൻജിനീയർ മധുസൂധനൻ നായർ, അക്ഷയ അസിസ്റ്റന്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ എസ് ഷിനു എന്നിവർ വെബ് കാസ്റ്റിംഗ് സംവിധാനത്തിന് നേതൃത്വം നൽകി.

(ഇലക്ഷൻ: 241/19)

## വോട്ട്സ്മാർട്ട് ആപ്പ്: ക്വിസ് മത്സരവിജയികൾക്കുള്ള സമ്മാനം വിതരണം ചെയ്തു

വോട്ടർ ബോധവത്കരണത്തിന്റെ ഭാഗമായി സജ്ജമാക്കിയ വോട്ട് സ്മാർട്ട് ആപ്പിലെ നാലാംദിവസ ക്വിസ് മത്സര വിജയികൾക്കുള്ള സമ്മാനം ജില്ലാ കളക്ടർ പി.ബി നൂഹ് വിതരണം ചെയ്തു. ഒന്നാം സ്ഥാനം പ്രമാടം സ്വദേശിയും പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥയുമായ ജി. ഹരിതയും, രണ്ടാം സ്ഥാനം വായ്പ്പൂര് സ്വദേശിനിയായ അഡ്വ: രജാറാണിയും കരസ്ഥമാക്കി. ഒന്നാം സമ്മാനമായി 5000 രൂപയും രണ്ടാം സമ്മാനമായി 2500 രൂപയും നൽകി. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇത്തരമൊരു ആപ്പ് സജ്ജമാക്കുന്നത് കേരളത്തിൽ ഇത് ആദ്യമാണ്. തെരഞ്ഞെടുപ്പ് ദിവസത്തെ പോളിംഗ് ശതമാനം പ്രവചിക്കുന്നവർക്ക് 25000 രൂപയാണ് സമ്മാനം. മത്സരവിജയിയെ ഇന്ന് (24) പ്രഖ്യാപിക്കും. (ഇലക്ഷൻ: 242/19)

## അഞ്ചിന് മുമ്പ് 2014നെ മറികടന്ന് മണ്ഡലം

കഴിഞ്ഞ 2014ലെ ലോക്സഭാ തെരഞ്ഞെടുപ്പിലെ വോട്ടർമാരുടെയും ശതമാനത്തിന്റെയും കണക്കിനെ വൈകിട്ട് അഞ്ചിന് തന്നെ പത്തനംതിട്ട മണ്ഡലം മറികടന്നു. തെരഞ്ഞെടുപ്പ് അവസാനിക്കാൻ ഒരു മണിക്കൂർ അവശേഷിക്കെ ആകെ 914548 പേരാണ് തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിച്ചത്. കഴിഞ്ഞ തവണ മണ്ഡലത്തിലാകെ പോൾ ചെയ്തത് 871251 പേരായിരുന്നു. 2014ൽ 66.02 പേരാണ് ആകെ വോട്ട് ചെയ്തതെങ്കിൽ ഇക്കുറി മണിക്കൂർ ബാക്കിനിൽക്കെ തന്നെ അത് 66.33 ആയി ഉയർന്നു.

ഈ സമയത്ത് ഏറ്റവും കൂടുതൽ ശതമാനം പോളിംഗ് നടന്നത് കാഞ്ഞിരപ്പള്ളിയിലാണ്. 73.01 ശതമാനം. പൂഞ്ഞാർ 71.52, തിരുവല്ല 64.19, റാന്നി 65.87, ആറന്മുള 66.68, കോന്നി 67.97, അടൂർ 68.71 ശതമാനം വോട്ട് ചെയ്യപ്പെട്ടു.

ഈ സമയത്ത് ഏറ്റവും കൂടുതൽ പേർ വോട്ട് ചെയ്തത് ആറന്മുളയിലാണ്. 151890 പേർ ഇവിടെ വോട്ട് ചെയ്തു. ഏറ്റവും കുറവ് റാന്നിയിലും. 125600 പേർ. കാഞ്ഞിരപ്പള്ളി 130489, പൂഞ്ഞാർ 127839, തിരുവല്ല 131623, കോന്നി 132341, അടൂർ 139454 പേരും വോട്ട് ചെയ്തു. (ഇലക്ഷൻ: 243/19)

## തെരഞ്ഞെടുപ്പു സമയത്ത് അനാവശ്യ വിവാദം സൃഷ്ടിച്ചവർക്കെതിരെ കർശന നടപടി: ജില്ലാ കളക്ടർ

ലോക്സഭാ തെരഞ്ഞെടുപ്പ് സമയത്ത് അനാവശ്യ വിവാദം സൃഷ്ടിച്ചവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ജില്ലാ കളക്ടർ പി ബി നൂഹ് അറിയിച്ചു. ഇലന്തൂർ ഇടപ്പരിയാരം എസ്എൻഡിപി ഹൈസ്കൂളിൽ വോട്ട് രേഖപ്പെടുത്തിയ നോബിൾ ഫിലിപ്പ് എന്ന വോട്ടർ ഉന്നയിച്ച പരാതിയുമായി ബന്ധപ്പെട്ട സന്ദർഭത്തിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. ഈ സ്കൂളിലെ 138ാം ബൂത്തിലാണ് നോബിൾ ഫിലിപ്പ് വോട്ട് ചെയ്യാനെത്തിയത്. താൻ വോട്ട് രേഖപ്പെടുത്തിയ സ്ഥാനാർഥിക്കല്ല വോട്ട് മെഷ്യനിൽ തെളിഞ്ഞത് എന്ന പരാതി വാക്കാൽ ഉന്നയിക്കുകയും എന്നാൽ രേഖാമൂലം പരാതി നൽകാൻ വിസമ്മതിക്കുകയും ചെയ്തു. തുടർന്ന് ബൂത്ത് സന്ദർശിച്ച കളക്ടർ ഇത്തരം പരാതി മറ്റാർക്കെങ്കിലും ഉണ്ടോയെന്ന് അന്വേഷിക്കുമെന്നും ആർക്കും പരാതിയില്ലെങ്കിൽ നോബിളിനെതിരെ നടപടിയെടുക്കുമെന്നും പറഞ്ഞു.

ജില്ലയിലെ തെരഞ്ഞെടുപ്പ് പ്രവത്തനങ്ങൾ നേരിട്ട് മനസിലാക്കുന്നതിനായി ജില്ലാ കളക്ടർ പി ബി നൂഹ്, ജില്ലാ പോലീസ് മേധാവി ജി.ജയദേവ് എന്നിവർ സെന്റ് മേരീസ് എം.റ്റി.എൽ.പി സ്കൂൾ കിടങ്ങന്നൂർ, ഗവൺമെന്റ് എൽ പി എസ് കിടങ്ങന്നൂർ, എസ് എൻ ഡി പി ഹൈസ്കൂൾ ഇടപ്പരിയാരം എന്നീ പോളിംഗ് ബൂത്തുകൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. (ഇലക്ഷൻ: 244/19)

## വോട്ടിംഗ് യന്ത്രങ്ങൾ ഇനി ചെന്നീർക്കര കെവിയിലെ സ്ട്രോംഗ് റൂമിൽ

ലോക്സഭാ തെരഞ്ഞെടുപ്പ് അവസാനിച്ചതോടെ വോട്ടിംഗ് യന്ത്രങ്ങളും വിവി പാറ്റും ചെന്നീർക്കര കേന്ദ്രീയ വിദ്യാലയത്തിലെ സ്ട്രോംഗ് റൂമിലേക്ക് മാറ്റി സീൽ ചെയ്തു. വോട്ടെണ്ണൽ കേന്ദ്രം കൂടിയായ ഈ സ്കൂളിലെ സ്ട്രോംഗ് റൂമിൽനിന്നും അടുത്തമാസം 23 നേ വോട്ടിംഗ് യന്ത്രങ്ങൾ പുറത്തെടുക്കൂ.

1437 ബൂത്തുകളിലും ഉപയോഗിച്ച വോട്ടിംഗ് യന്ത്രങ്ങളും വിവി പാറ്റും അതത് നിയമസഭാ മണ്ഡലങ്ങളിൽ കേന്ദ്രീകരിച്ച ശേഷമാണ് രാത്രിയോടെ ചെന്നീർക്കരയിലേക്ക് മാറ്റിയത്. തുടർന്ന് രാഷ്ട്രീയ പാർട്ടികളുടെയും സ്ഥാനാർഥികളുടെയും പ്രതിനിധികളുടെ സാന്നിധ്യത്തിൽ ജില്ലാ കളക്ടർ പി.ബി. നൂഹ്, ജില്ലാ പോലീസ് മേധാവി ജി. ജയദേവ്, ഡെപ്യൂട്ടി കളക്ടർ (തെരഞ്ഞെടുപ്പ്) എസ്. സന്തോഷ്കുമാർ എന്നിവരുടെ നേതൃത്വത്തിൽ സീൽചെയ്യുകയായിരുന്നു. (ഇലക്ഷൻ: 245/19)

## സാന്ദ്രക്ക് ഇത് കന്നിവോട്ട്

ജില്ലയിലെ ഭിന്നശേഷി വിഭാഗക്കാരുടെ യൂത്ത് ഐക്കൺ സാന്ദ്ര സോമനാഥ് ലോക്സഭാ തെരഞ്ഞടുപ്പിൽ കന്നിവോട്ട് രേഖപ്പെടുത്തി. തിരുവല്ല കാവുംഭാഗം 122 ദേവസ്വം ബോർഡ് ഹയർ സെക്കൻഡറി സ്കൂളിലെ ഭിന്നശേഷി മാതൃക പോളിംഗ് സ്റ്റേഷനിലാണ് സാന്ദ്ര ആദ്യ വോട്ട് രേഖപ്പെടുത്തിയത്. ആലപ്പുഴ മെഡിക്കൽ കോളജിലെ രണ്ടാം വർഷ എംബിബിഎസ് വിദ്യാർഥിനിയാണ് സാന്ദ്ര. (ഇലക്ഷൻ: 246/19)

## 10 ലക്ഷം കവിഞ്ഞും പോളിംഗ്

പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിൽ വോട്ട് ചെയ്തവരുടെ എണ്ണം 10 ലക്ഷം കവിഞ്ഞു. ഇതാദ്യമാണ് വോട്ടു ചെയ്തവരുടെ എണ്ണം 10 ലക്ഷം കവിയുന്നത്. 1378587 പേരിൽ 1002062 പേർ വൈകിട്ട് 6.40 ന് ലഭ്യമായ വിവര പ്രകാരം വോട്ട് ചെയ്തു. 72.68% വരുമിത് . കൂടുതൽ വോട്ട് ആറന്മുളയിലാണ് - 162011 (71.12%), കാഞ്ഞിരപ്പള്ളി - 138180 (77.32%), പൂഞ്ഞാർ - 136383 (76.30 %), തിരുവല്ല - 141416 (68.96 %), റാന്നി-13 2253 (69.36 %), കോന്നി - 141821 (72.83%), അടൂർ-149998 (73.90 %) (ഇലക്ഷൻ: 247/19)

## വോട്ട് ചെയ്തവരിൽ കൂടുതൽ വനിതകൾ

പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിൽ വൈകിട്ട് 6.50 ന് ലഭ്യമായ വിവര പ്രകാരം ഏറ്റവും കൂടുതൽ വോട്ട് ചെയ്തത് വനിതകൾ. ആകെ 523 199 സ്ത്രീകൾ വോട്ട് ചെയ്തപ്പോൾ 481065 പുരുഷന്മാരാണ് വോട്ട് ചെയ്തത്. ആകെയുള്ള 66 1700 പുരുഷ വോട്ടർമാരിൽ 72.70 % പേർ വോട്ട് ചെയ്തപ്പോൾ ആകെയുള്ള 716884 സ്ത്രീകളിൽ 72.98 % പേരാണ് വോട്ട് ചെയ്തത്.

കാഞ്ഞിരപ്പള്ളിയിൽ 68707 പുരുഷന്മാരും 69661 സ്ത്രീകളും വോട്ട് ചെയ്തു. നിയമസഭാ മണ്ഡലം, വോട്ട് ചെയ്ത പുരുഷന്മാർ, സ്ത്രീകൾ എന്ന ക്രമത്തിൽ: പൂഞ്ഞാർ -

69874, 66637. തിരുവല്ല - 67752, 74029. റാന്നി-64564, 68089. ആറന്മുള- 75742, 86407. കോന്നി - 65854, 76430. അടൂർ-68572, 81946.

(ഇലക്ഷൻ: 248/19)

**ഫോട്ടോ അടിക്കുറിപ്പ്**

1) വോട്ട് സ്മാർട്ട് ആപ്പിലെ നാലാംദിവസത്തെ ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ജി.ഹരിതയ്ക്ക് ജില്ലാ കളക്ടർ പി.ബി.നൂഹ് സമ്മാനം നൽകുന്നു.
2) ട്രാൻസ്ജെൻഡർ വോട്ടറായ നക്ഷത്ര വോട്ട് ചെയ്തതിന് ശേഷം.
3) ട്രാൻസ്ജെൻഡർ വോട്ടറായ അയ്യപ്പൻ വോട്ട് ചെയ്തതിന് ശേഷം.
4) ട്രാൻസ്ജെൻഡർ വോട്ടറായ ആൻമരിയ
5) ഭിന്നശേഷിയുള്ളവരുടെ തെരഞ്ഞെടുപ്പ് ബ്രാൻഡ് അംബാസഡറായ സാന്ദ്ര
6) ദുർഘട മേഖലയിലെ പോളിംഗ് ബൂത്തിലേക്ക് മുതിർന്ന പൗരന്മാരെ ഡോളിയിൽ കൊണ്ടുപോകുന്നു.
7) റ്റിറ്റിഎൻ വടശേരിക്കര സ്കൂളിലെ ബൂത്തിൽ നിന്നുള്ള ദൃശ്യം
8) മലയാലപ്പുഴയിലെ പോളിംഗ് ബൂത്തിൽ നിന്നുള്ള ദൃശ്യം
9) മണിയാർ പോളിംഗ് ബൂത്തിൽ നിന്നുള്ള ദൃശ്യം






**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഏപ്രിൽ 23<br>April 23 | 2019 |
|---|---|

*1193 മേടം 9 ചൊവ്വ*

# പത്രക്കുറിപ്പ് -2

[www.prd.kerala.gov.in](http://www.prd.kerala.gov.in), [diopta1@gmail.com](mailto:diopta1@gmail.com) ഫോൺ0468-2222657

**ട്രാൻസ്ജെൻഡർ വിഭാഗത്തിന് ജില്ലയിൽ നൂറിൽ നൂറ്**

ലോക്സഭാ തിരഞ്ഞെടുപ്പിൽ പത്തനംതിട്ട മണ്ഡലത്തിലെ ട്രാൻസ്ജൻഡർ വിഭാഗം രേഖപ്പെടുത്തിയത് നൂറു ശതമാനം വോട്ട്. മണ്ഡലത്തിൽ ആകെ മൂന്ന് ട്രാൻസ്ജെൻഡർ വിഭാഗക്കാരാണ് സമ്മതിദാനാവകാശം നേടിയെടുത്തിരുന്നത്. നക്ഷത്ര, അയ്യപ്പൻ, ആൻ മരിയ എന്നിവർ. ഇവർ മൂന്നുപേരും ഇന്നലെ വോട്ട് രേഖപ്പെടുത്തി ജനാധിപത്യ പ്രക്രിയയുടെ ഭാഗമായി. ജില്ലയുടെ ചരിത്രത്തിൽ ആദ്യമായാണ് ട്രാൻസ്ജെൻഡർ വിഭാഗക്കാർക്ക് വോട്ട് ചെയ്യാനുള്ള അവസരം ജില്ലാ ഭരണകൂടം അവസരമൊരുക്കിയത്.

നക്ഷത്ര അടൂർ ആനന്തപ്പള്ളിയിലെ 81ാം ബൂത്തിലും അയ്യപ്പൻ ചുട്ടിപ്പാറ കോളേജ് ഓഫ് അപ്ലൈയ്ഡ് സയൻസ് 155ാം ബൂത്തിലും, ആൻ മരിയ കാഞ്ഞിരപ്പള്ളിയിലുമാണ് സമ്മതിദാനാവകാശം വിനിയോഗിച്ചത്.

(ഇലക്ഷൻ: 249/19)





ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്